3. വേനൽക്കാലത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് 'ലാഭപ്രഭ' എന്ന പരിപാടി കെ.എസ്.ഇ.ബി. നടപ്പിലാക്കിയത്

4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകൾക്കുപകരം താരതമ്യേന ഉപഭോഗം കുറഞ്ഞ സി.എഫ്.എൽ. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന 'ബജത് ലാമ്പ് യോജന' എന്ന പരിപാടി കെ.എസ്.ഇ.ബി.-യിൽ വിജയകരമായി നടപ്പിലാക്കിയതിന്.

5. ഐസ് പ്ലാന്റുകളിലെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്

6. കാർഷിക മേഖലയിൽ ഭീമമായ ഊർജ്ജ നഷ്ടമുണ്ടാക്കുന്ന പെട്ടിപ്പറ എന്ന പരമ്പരാഗത സമ്പ്രദായം മാറ്റി കാര്യക്ഷമത കൂടിയ പുതിയ പമ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്

(സി) 2013-14 വർഷം വൈദ്യുതി വിതരണ കമ്പനികൾ കൈവരിച്ച ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിലെ നേട്ടങ്ങൾ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ അവയിലെ നേട്ടങ്ങൾ ഇവയാണ് അവാർഡിന്റെ മാനദണ്ഡങ്ങൾ.

നോ ലോഡ്ഷെഡ്ഡിംഗ് കമ്പനിൽ

18 (4600) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോ ലോഡ് ഷെഡിംഗ് കമ്പനിൽ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുക, ഭാവിയിലേക്ക് ഊർജ്ജം കരുതുന്നതിനായി ഊർജ്ജസ്രോതസ്സുകളുടെ അമിത ചൂഷണം തടയുക, ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുക, പത്ത് ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുക തുടങ്ങിയവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

(സി) പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയും ജനപ്രതിനിധികളുമായും സഹകരിച്ച് 24 ഫീഡറുകൾ കേന്ദ്രീകരിച്ച്. നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ നടത്തി. കാമ്പയിന്റെ വിജയത്തിനായി സെക്ഷൻ ഓഫീസുകളെ പരമാവധി പ്രയോജനപ്പെടുത്തിയിരുന്നു. പദ്ധതി വിജയകരമായി നടപ്പാക്കിയ ഫീഡറുകളുടെ പരിധിയിലുള്ളവർക്കും ഊർജ്ജലാഭം വരുത്തിയവർക്കും പ്രോത്സാഹനമായി വിവിധ സമ്മാനങ്ങൾ നൽകി.

കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം

19 (4601) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും നിയമം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നിയമം നടപ്പിലാക്കുന്നതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) എസ്കലേറ്ററുകളുടെയും ബന്ധപ്പെട്ട ഉപകരണങ്ങളുടെയും സുരക്ഷിതമായ പ്രവർത്തനം ക്രമീകരിക്കുന്നതിന് ഈ നിയമം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ നിയമം നടപ്പാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly